2) **27.02.2020 വ്യാഴാഴ്ച ഉച്ച്ക്ക് 2.00 മണിക്ക് ബഹു: ജിസിഡിഎ ചെയർമാൻ അഡ്വ.വി. സലീം അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ 515-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി (ബഡ്ജറ്റ്) യോഗ നടപടികൾ.**

**ഹാജർ**

1. അഡ്വ. വി. സലീം, ചെയർമാൻ, ജിസിഡിഎ.
2. ശ്രീ. കെ.ജെ. മാക്സി, ബഹു. എം.എൽ.എ., കൊച്ചി.
3 ശ്രീ. എം. സ്വരാജ്, ബഹു. എം.എൽ.എ., തൃപ്പൂണിത്തുറ.
4. ശ്രീ. ജയകുമാർ ജെ., ജില്ലാ ടൗൺ പ്ലാനർ, നഗര-ഗ്രാമാസൂത്രണ വകുപ്പ്, എറണാകുളം.
5. ശ്രീ. സുരേഷ്കുമാർ എ., എക്സിക്യൂട്ടീവ് എഞ്ചിനീയർ, നിരത്തുകളും പാലങ്ങളും.
5. ശ്രീമതി. ജിനുമോൾ വർഗ്ഗീസ്, സെക്രട്ടറി ജിസിഡിഎ.

**1. തീരുമാനം നം. 188/2019-20**

*ജിസിഡിഎ - ധനകാര്യ വിഭാഗം - 2019-20 വർഷത്തേയ്ക്കുള്ള പുതുക്കിയ ബജറ്റ്, 2020-21 വർഷത്തേയ്ക്കുള്ള മതിപ്പ് ബജറ്റ് എന്നിവ - സംബന്ധിച്ച്.*
*(നം. 8585/എഫ്.ബി.1/2019/ജി.സി.ഡി.എ.)*

2019-20 സാമ്പത്തിക വർഷത്തിൽ റവന്യൂ, മൂലധന, കടബാദ്ധ്യത കണക്കുകളിലായി 3836.53 ലക്ഷം രൂപയും മുൻ നീക്കിയിരുപ്പ് തുകയായ 9702.30 ലക്ഷം രൂപയും കൂടി മൊത്തം 13538.83 ലക്ഷം രൂപ വരവും, 3724.52 ലക്ഷം രൂപ ചെലവും കാണിക്കുന്ന പുതുക്കിയ എസ്റ്റിമേറ്റും 2020-21 സാമ്പത്തിക വർഷത്തിൽ റവന്യൂ, മൂലധന, കടബാദ്ധ്യത കണക്കുകളിലായി 4875.73 ലക്ഷം രൂപയും മുൻ നീക്കിയിരുപ്പ് തുകയായ 9814.31 ലക്ഷം രൂപയും കൂടി മൊത്തം 14690.04 ലക്ഷം രൂപ വരവും 12295.51 ലക്ഷം രൂപ ചെലവും 2394.53 ലക്ഷം രൂപ നീക്കിയിരുപ്പും പ്രതീക്ഷിക്കുന്ന മതിപ്പ് ബഡജറ്റും അംഗീകരിക്കുന്നതിന് അംഗീകരിച്ചു.

**2. തീരുമാനം നം. 189/2019-20**

*ജിസിഡിഎ - ധനകാര്യ വിഭാഗം - 2019-20 - സാമ്പത്തിക വർഷം - വരുമാനത്തിൽ നിന്നും നിശ്ചിത ഉദ്ദേശ്യങ്ങൾക്കായി തുക മാറ്റി വയ്ക്കുന്നത് - സംബന്ധിച്ച്.*
*(നം. 8585/എഫ്.ബി1/2019/ജി.സി.ഡി.എ.)*

2019-20 സാമ്പത്തിക വർഷത്തിലെ വരുമാനത്തിൽ നിന്നും 6,00,00,000/- (ആറ് കോടി രൂപ മാത്രം) അടിസ്ഥാന സൗകര്യ വികസനം, പൊതുസ്ഥലം അഭിവൃദ്ധിപ്പെടുത്തൽ, പാർപ്പിടങ്ങൾ, നടപ്പാത, മേൽപ്പാലം തുടങ്ങിയവയുടെ നിർമ്മാണം, പശ്ചാത്തല വികസനം തുടങ്ങിയ വികസന പ്രവർത്തനങ്ങൾക്ക് മാറ്റി വയ്ക്കുന്നതിന് തീരുമാനിച്ചു.

യോഗം 2.25 പി.എം.-ന് അവസാനിച്ചു.

(ഒപ്പ്)
സെക്രട്ടറി
വിശാല കൊച്ചി വികസന അതോറിറ്റി